ശ്രീ. കെ. ടി. അച്യുതൻ: ചെയർമാൻ റവന്യൂ ബോർഡ് മൂന്നാം മെമ്പറാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: 16-12-63-ൽ തീരുമാനം അവിടെ അറിയിച്ചിട്ടും വിവരം കിട്ടിയില്ലെന്നാണോ പറയുന്നത്?

ശ്രീ. കെ. ടി. അച്യുതൻ: അതിനെ സംബന്ധിച്ച വിവരം അറിയിക്കണമെന്ന് നേരത്തെ അറിയിച്ചിരുന്നു. രണ്ടാമത്തെ റിമൈൻഡറും അയച്ചിട്ടുണ്ട്, ഉടൻതന്നെ വിവരം അറിയിക്കണമെന്നും.

ശ്രീ. ഈ. പി. ഗോപാലൻ: ഈ തീരുമാനം നടപ്പാക്കാൻ കാലതാമസം വരുമ്പോഴും, അതുകൊണ്ട് ഗുണം കിട്ടാവുന്ന ആളുകളെ കണ്ടിയാണോ ഈ കാലതാമസം വരുത്തുന്നത്? ആ കൂട്ടരെ സഹായിക്കാൻവേണ്ടി കരുതിക്കൂട്ടി ഈ താമസം വരുത്തുന്നതാണോ?

ശ്രീ. കെ. ടി. അച്യുതൻ: എസ്. ടി. ഏ. ഒരു കോസി ജുഡീഷ്യൽ ബാഡിയാണ്. കാലതാമസം വരുത്തണമെന്ന് ഉദ്ദേശമുണ്ടെന്നു പറയാൻ സാദ്ധ്യമല്ല. മിനിമം ചാർജിനെ സംബന്ധിച്ചിടത്തോളം ഇവിടെ പൊതുവേ അഭിപ്രായപ്രകടനങ്ങളും നടന്നു. മദിരാശിയിലും ആന്ധ്രയിലും മൈസൂറിലും 30 നയാപൈസയാണ് മിനിമം ചാർജ്ജ്. കേരളത്തിൽ പത്തു നയാപൈസയാക്കണമെന്നു വാദിക്കുന്നവർ ആളുകളെ താങ്ങി പറയുന്നതാണെന്നു കരുതുന്നതിൽ വലിയ കഴമ്പുണ്ടെന്നു തോന്നുന്നില്ല.

സിറ്റിയിലും പരിസരങ്ങളിലും കുരകും കെട്ടി താമസിക്കുന്ന കുടുംബങ്ങൾ

* 431. [18] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിലും പരിസരങ്ങളിലും ഏതാനുമാസങ്ങളായി കുരകും കെട്ടി ദേഹണ്ഡിച്ച് കോളണികളായി താമസിക്കുന്ന കുടുംബങ്ങളെ അവിടെനിന്നും ഒഴിപ്പിക്കാതിരിക്കുവാൻ ഗവണ്മെന്റു വേണ്ട നടപടികളും സ്വീകരിക്കുമോ;

(ബി) അവരുടെ ഭവനങ്ങളും പുതുക്കിപ്പണിയുന്നതിനും മറ്റു ചില ഹരിജൻ കോളണികളിലും സെറ്റിൽമെന്റു കോളണികളിലും താമസിക്കുന്നവർക്കു ലഭിക്കാറുള്ളതുപോലെയുള്ള ആനുകൂല്യങ്ങളും നൽകാൻ ഗവണ്മെന്റിനു ഭയവുണ്ടാകുമോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) തിരുവനന്തപുരം സിറ്റിയിലും പരിസരങ്ങളിലുമുള്ള പുമ്പോക്കു ഭൂമികളിൽ അനധികൃതമായി പ്രവേശിച്ചു താമസിക്കുന്ന കുടുംബങ്ങളെ ഗവണ്മെന്റാവശ്യത്തിനുവേണ്ടി ഇറക്കി വിടേണ്ടതായി വരുമ്പോഴും അവർക്കു അതിനുപകരം വീടുവയ്ക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്ന കാര്യം ഗവണ്മെന്റു പരിഗണിക്കുന്നതാണ്.

(ബി) അവരുടെ ഭവനങ്ങളും പുതുക്കിപ്പണിയുന്നതിനു എന്തെങ്കിലും ആനുകൂല്യം നൽകാൻ പദ്ധതിയൊന്നും നിലവിലില്ല.

ശ്രീ. കെ. അനിരുദ്ധൻ: ചാലയിലും, അതുപോലെതന്നെ തൈക്കാട്ട് ഭാഗത്തു കോളനിയിലും താമസിക്കുന്നവർ ഇറങ്ങിപ്പോകണമെന്നു കാണിച്ച് രണ്ടു കൊല്ലം മുൻപ് ഗവണ്മെന്റ് നോട്ടീസ് കൊടുത്തിരുന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അവർക്ക് അങ്ങനെ മാറിപ്പോകാൻ പല

LIBRARY ARCHIVES Kerala Legislative Assembly

അസൗകര്യങ്ങളും ഉണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ ; ഈ കാര്യത്തെ സംബന്ധിച്ച് കഴിയുന്നതും അവരെ ഒഴിപ്പിക്കാതിരിക്കാനും ഒഴിപ്പിക്കുകയാണെങ്കിൽ ആവശ്യമായ സഹകര്യം ചെയ്തു കൊടുക്കാനും വേണ്ട നടപടി എടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഒഴിപ്പിക്കാൻ നോട്ടീസു് കൊടുത്തു് പിന്നീടു് നിറുത്തിവച്ചതായിട്ടാണു് അറിയുന്നതു്. ഇപ്പോഴും നടപടിയൊന്നും എടുക്കാൻ ഉദ്ദേശിച്ചിട്ടില്ല.

ശ്രീ. ടി. കുഞ്ഞൻ: സിറ്റിയിൽ നൂറു കണക്കിനു കുടുംബങ്ങളും റോഡു് പുറമ്പോക്കുകളിൽ താമസിക്കുന്നുണ്ടു്. ഗവണ്മെന്റിനു് ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരെ ഇറക്കി വിടാതിരിക്കാൻ ഗവണ്മെന്റു് ശ്രദ്ധിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: അതൊണ്ട പറഞ്ഞതു്, ഗവണ്മെന്റു് ആവശ്യത്തിനു വേണ്ടിവരുന്ന പുറമ്പോക്കു ഭൂമികളിൽ താമസിക്കുന്നവരെ ഇറക്കി വിടുകയാണെങ്കിൽ അവർക്കു് പ്രത്യേകം ചില ധനസഹായം ചെയ്തുകൊടുക്കും.

റൂറൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ.

* 432. [19] ശ്രീ. പി. ആർ. ഫ്രാൻസിസു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് റൂറൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; എവിടെയെല്ലാം ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഉണ്ടു്.

(ബി) പത്തു് എസ്റ്റേറ്റുകളാണു് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു്. തിരുവനന്തപുരം ജില്ലയിൽ കരകുളം, ആലപ്പുഴ ജില്ലയിൽ ചേർത്തല, കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി, എറണാകുളം ജില്ലയിൽ വാഴക്കുളം, അങ്കമാലി, തൃശ്ശൂർ ജില്ലയിൽ കല്ലേറ്റുംകര, പാലക്കാട്ടു ജില്ലയിൽ കാരയ്ക്കാട്ടു്, കോഴിക്കോട്ടു ജില്ലയിൽ മഞ്ചേരി എന്നീ സ്ഥലങ്ങളിലാണു് ഇവ സ്ഥാപിക്കപ്പെടുന്നതു്. കൊല്ലം ജില്ലയിൽ ഒന്നു് ഉമയനല്ലൂരിൽ സ്ഥാപിക്കും. മറ്റൊന്നിനുള്ള സ്ഥലം ഇതുവരെ നിശ്ചയിച്ചിട്ടില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസു് : ഇതിന്റെ പ്രവർത്തനം എന്നാരംഭിക്കും ?

ശ്രീ. കെ. എ. ദാമോദരമേനോൻ : മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തുതന്നെ ആരംഭിക്കും.

ശ്രീ. എൻ. ഭാസ്കരൻ നായർ : ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള സ്ഥലം എടുത്തിട്ടു് ഒരു കൊല്ലം കഴിഞ്ഞു് അതിന്റെ പണി എന്നാരംഭിക്കും ?

ശ്രീ. കെ. എ. ദാമോദരമേനോൻ : കെട്ടിടം പണിക്കുള്ള നടപടികൾ എടുത്തിട്ടുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ : റൂറൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ സ്വഭാവം എന്താണു് ; ഏതെല്ലാം വ്യവസായങ്ങൾ തുടങ്ങും, എത്രയെണ്ണം കെട്ടിടങ്ങൾ വേണ്ടിവരും ?

LIBRARY ARCHIVES Kerala Legislative Assembly